# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6738 — 10.07.2014 ൽ മറുപടിക്ക്

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര ജില്ലാ ആശുപത്രി യിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) & (ബി) പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനനുസരിച്ച് ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിക്കുക യാണെങ്കിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ; | |
| (സി) ഡയാലിസിസ് സെന്റർ ആരംഭി ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ | (സി) അടിസ്ഥാന സൗകര്യങ്ങൾ<br>പൂർണ്ണമായും അണുവിമുക്തമായതും എ.സി സംവിധാനം ഉള്ളതുമായ മുറികളിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കേണ്ടത്<br>ഒരു യൂണിറ്റിൽ 4x11 അടി സ്ഥലം ആവശ്യമുണ്ട്. (മെഷീന്റെ വലിപ്പം അനുസരിച്ച് ഇതിൽ മാറ്റം വരുന്നതാണ്). എത്ര യൂണിറ്റുകൾ ആരംഭിക്കുന്നു എന്നതനുസരിച്ച് സ്ഥലം ആവശ്യമായി വരും.<br>സ്ഥിരമായുള്ള കറന്റ് ലഭ്യത ആവശ്യമായതിനാൽ ജനറേറ്റർ/യു.പി.എസ് സംവിധാനം അത്യാവശ്യമാണ്.<br>സ്ഥിരം ജലലഭ്യതയും ആർ.ഒ.പ്ലാന്റ് സംവിധാനവും അത്യാവശ്യമാണ്.<br>ഡയാലിസിസ് നടക്കുമ്പോൾ ഉണ്ടാകുന്ന അത്യാഹിതങ്ങൾ പരിഹരിക്കുവാൻ |

| | | |
|---|---|---|
| | | ആവശ്യമായ ഐ.സി.യു സംവിധാനവും സെൻ്ററൽ ഓക്സിജൻ സപ്ലൈയും അത്യാവശ്യമാണ്.<br>മനുഷ്യവിഭവശേഷി<br>ഒരു നെഫ്രോളജിസ്റ്റ്/ഡയാലിസിസിൽ പരിശീലനം ലഭിച്ച ഒരു ഡോക്ടർ, മൂന്ന് മെഷീന് ഒരു ടെക്നീഷ്യൻ, അഞ്ച് രോഗികൾക്ക് ഒരു സ്റ്റാഫ് നഴ്സ്, ഷിഫ്റ്റിന് ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു അറ്റന്റന്റ് ഗ്രേഡ്-2 എന്നിവർ ആവശ്യമാണ്. യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ മരുന്നിന്റെ ലഭ്യതയും ഉണ്ടായിരിക്കേണ്ടതാണ്. |
| (ഡി) | ഡയാലിസിസ് സെൻ്ററിന്റെ പ്രവർത്തനത്തിനാവശ്യമായ ഡോക്ടർ, നഴ്സ്, ടെക്നീഷ്യൻമാർ എന്നിവരെ നിയമിക്കുന്നതിനോ നിലവിലുള്ളവർക്ക് ആവശ്യമായ പരിശീലനം നല്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ യെന്ന് വിശദമാക്കുമോ? | (ഡി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യങ്ങൾ പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ